പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 101 21/03/2013 ൽ മറുപടിയ്ക്ക്

## സ്കൂളുകളിൽ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. പി.സി. ജോർജ് :<br>ഡോ: എൻ. ജയരാജ് : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പ്രാഥമിക സൗകര്യങ്ങളുടെ അഭാവം നേരിടുന്ന എത്ര സർക്കാർ, എയ്ഡഡ് സ്കൂളുകൾ ഉണ്ടെന്ന് അറിയിക്കുമോ ; | (എ) | 20 മുതൽ 40 വരെ കുട്ടികൾക്ക് ഒരു യൂറിനലും 80 മുതൽ 120 വരെ കുട്ടികൾക്ക് ഒരു ടോയ്‌ലറ്റും എന്ന അനുപാതത്തിൽ സർക്കാർ സ്കൂളുകളിൽ 7809 യൂറിനൽ യൂണിറ്റിന്റെയും 539 ടോയ്‌ലറ്റ് യൂണിറ്റിന്റേയും 194 സ്കൂളിൽ കുടിവെള്ളത്തിന്റെയും കുറവുണ്ട്. എയ്ഡഡ് സ്കൂളുകളിൽ 7815, 1596, 43 എന്ന ക്രമത്തിൽ യൂറിനൽ, ടോയ്‌ലറ്റ്, കുടിവെള്ളം എന്നിവയുടെ കുറവുണ്ട്. |
| ബി) പ്രാഥമിക സൗകര്യങ്ങളുടെ അഭാവത്താലും ആസ്ബറ്റോസ് മേൽക്കൂരകൾ ഉപയോഗിക്കുന്നതുമൂലവും സ്കൂൾ കുട്ടികളിൽ ഏതെങ്കിലും തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾക്കു സാധ്യതയുണ്ടോ ; വിശദാംശം നല്കുമോ ; | (ബി) | ലോകാരോഗ്യ സംഘടനയുടെ പഠനപ്രകാരം ആസ്ബറ്റോസ് മേൽക്കൂര ഉപയോഗിക്കുന്നത് മൂലം സ്കൂൾ കുട്ടികളിൽ ആരോഗ്യ പ്രശ്നങ്ങളുണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ വിദ്യാർത്ഥികൾക്ക് ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്ന വസ്തുക്കളായ ആസ്ബറ്റോസ് മുതലായ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണം നിരോധിച്ചിട്ടുണ്ട്. കൂടാതെ സ്കൂളുകളിലെ പ്രാഥമിക സൗകര്യങ്ങളുടെ ലഭ്യത വിദ്യാർത്ഥികളുടെ എണ്ണത്തിനാനുപാതികമായുണ്ടെന്നും അത് വൃത്തിയായി സൂക്ഷിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തണമെന്ന് എല്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്ന ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്താൻ 2013-14 സാമ്പത്തിക വർഷം പ്രത്യേക ഊന്നൽ നല്കുമോ ? | (സി) | സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ കീഴിൽ 2009 മുതൽ നടപ്പിലാക്കിവരുന്നു. ആരോഗ്യ വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. സർക്കാർ സ്കൂളുകളിൽ ടോയ്ലറ്റ്, യൂറിനൽ, കുടിവെള്ള ലഭ്യത എന്നിവയുടെ നിർമ്മിതിക്കായി 20 കോടി രൂപയുടെ ഭരണാനുമതി 14.02.2013 ലെ സ.ഉ.(ആർ.റ്റി) നം. 687/2012/പൊ.വി.വ പ്രകാരം നൽകിയിട്ടുണ്ട്. കൂടുതൽ സൗകര്യങ്ങൾ ആവശ്യമെന്ന് ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

**Abstract**

General Education Department - Elevation of Government Schools to International Standards - Providing basic facilities in schools - Administrative Sanction accorded - Orders - Issued.

**General Education (M) Department**

**G.O (Rt) No. 687/2013/G.Edn. Dated, Thiruvananthapuram, 14/02/2013.**

Read: 1. Lr. No. W1/87594/12/DPI dated 09.01.2013 from the Director of Public Insturction, Thiruvananthapuram.

2. Minutes of the Meeting of Special Working Group held on 21.01.2013 in the Chamber of Principal Secretary, Finance Department.

## ORDER

As per the letter read as 1st paper above, Director of Public Instruction has forwarded a proposal for the Scheme 'Elevation of Government Schools to International Standards' at an estimated cost of Rs. 19,99,90,000/- for approval of the Special Working Group. The Finance Department, vide minutes read as 2nd paper above, has approved the scheme in the meeting of Special Working Group held on 21.01.2003 at an estimated cost of Rs. 20 Crores with the following components.

| Sl. No | Name of components | Non-Recurring (Rs. In Crores) |
|---|---|---|
| 1 | Construction of toilets | 2.1560 |
| 2 | Construction of Girls friendly toilets | 2.6950 |
| 3 | Construction of urinal | 14.7600 |
| 4 | Providing drinking water | 0.3880 |
| | **Total** | **19.9990** |

Based on the decision of the Special Working Group meeting held on 21.01.2013 Government are pleased to accord Administrative Sanction for the Scheme 'Elevation of Government Schools to International Standards' at an estimated cost of Rs. 20 Crores (Rupees Twenty Crores only) subject to the following conditions.

1. The expenditure would be met from the head of account '2202-80-800-47 Plan'
2. Tender and other formalities shall be followed wherever necessary.
3. Store Purchase Rules shall be strictly adhered to.
4. For civil works PWD Schedule of Rates shall be followed.
5. Construction of toilets, especially Girls Friendly toilets, and providing drinking water facility should be the components of the Scheme.

A District Level Committee is constituted consisting of District Panchayat President/ Mayor as Chairman of the Committee with District Collector, Deputy Director of Education and District Project Officer, SSA as Monitoring Committee members to implement the project at District Level. Fund provided for the purpose should be transferred to the respective District Collector. The Committee will decide the implementing agency such as SMC, PTA, LSGD or Nirmithi Kendra.

P.T.O

The above works should be completed within three months ie. before next academic year.

The DDEs concerned should ensure that the works are completed in time.

By Order of the Governor
**K. ELLANGOVAN**
**Secretary to Government**

To

The Director of Public Instruction, Thiruvananthapuram
All Deputy Directors of Education
The Accountant General (A&E/Audit), Kerala, Thiruvananthapuram
Finance (Planning-B) Department
Finance (Edn.A)Department (Vide U.O No. 3530/Edn.A1/13Fin dated 17.01.2013)
Planning &Economic Affairs Department
Local Self Government (DB) Department for necessary action.
S.F/O.C

Forwarded/ by order

Section Officer